# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2725 — **27.01.2014 -ൽ മറുപടിയ്ക്ക്**

## പാലക്കാട് പുതുശ്ശേരി പഞ്ചായത്തിലെ പെപ്സിക്കോള കമ്പനിയുടെ അമിത ജല ഉപയോഗവും ജലമലിനീകരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പാലക്കാട് പുതുശ്ശേരി പഞ്ചായത്തിലെ പെപ്സിക്കോള കമ്പനിയുടെ അമിത ജലഉപയോഗവും ജലമലിനീകരണവും സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; | എ) | ഉണ്ട് |
| ബി) | ഉണ്ടെങ്കിൽ എന്താണ് റിപ്പോർട്ടിലെ കണ്ടെത്തൽ; ആയതിന്റെ കോപ്പി ലഭ്യമാക്കുമോ; | ബി) | പ്രസ്തുത റിപ്പോർട്ടിലെ (അനുബന്ധമായി ചേർക്കുന്നു) കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.<br>1. ശാസ്ത്രപരമായ പ്രത്യേകത മൂലം വളരെ ഉയർന്ന ഭൂജല ലഭ്യത ഉള്ള സ്ഥലമാണ് പെപ്സി കമ്പനി സ്ഥിതി ചെയ്യുന്ന വൈസ് പാർക്ക്. വൈസ് പാർക്കിന്റെ (750 ഏക്കർ) കേവലം 7% മാത്രം (53 ഏക്കർ) കൈവശമുള്ള പെപ്സി കമ്പനി, വൈസ് പാർക്കിൽ മൊത്തം ലഭ്യമാകുന്ന ഭൂജലത്തിന്റെ 48.5% ഉപയോഗിക്കുന്നു.<br>2. പെപ്സി കമ്പനി സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രത്യേകത മൂലം ഭൂജലത്തിന്റെ ഒഴുക്ക് കമ്പനി സ്ഥിതിചെയ്യുന്ന ഭാഗത്തേയ്ക്കാണ്. ആയതിനാൽ ഒരു ഭാഗത്ത് അമിതമായി ജലം പമ്പ് ചെയ്താൽ അത് മറ്റ് പ്രദേശങ്ങളിലെ ജല ലഭ്യതയെ ബാധിക്കും. |

3. കമ്പനിയിലെ ജലത്തിന്റെ രാസ പരിശോധന റിപ്പോർട്ട് കാണിക്കുന്നത് ഈ പ്രദേശത്തെ ജലം കാൽസ്യം, മഗ്നീഷ്യം, ക്ലോറൈഡ് എന്നിവയുടെ അമിതമായ വർദ്ധനവ് മൂലം മലിനപ്പെട്ടിരിക്കുന്നു എന്നാണ്. എന്നാൽ കമ്പനിക്ക് പുറത്തുള്ള ഏറ്റവും അടുത്ത ബോർ വെല്ലുകളിലെ ജലം പരിശോധിച്ചതിൽ ഈ മാലിന്യം കമ്പനിയുടെ പുറത്തേയ്ക്ക് വ്യാപിച്ചിട്ടില്ല എന്നും കണ്ടെത്തിയിട്ടുണ്ട്

| | |
|---|---|
| സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 26.02.2011-ലെ ജി.ഒ(എം.എസ്)നം. 13/2011/ജലവിവ പ്രകാരം പെപ്സി കമ്പനിയുടെ പ്രതിദിന ഉപഭോഗം 2.34 ലക്ഷം ലിറ്റർ ആയി നിജപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കുഴൽ കിണറുകളിൽ ഘടിപ്പിച്ചിരിക്കുന്ന പമ്പുകളുടെ ഡെലിവറി പൈപ്പിൽ ജല ഉപഭോഗം തിട്ടപ്പെടുത്തുന്നതിന് ഫ്ളോമീറ്റർ ഘടിപ്പിക്കുക, ഓരോ പമ്പിനും പ്രത്യേക എനർജി മീറ്റർ ഘടിപ്പിക്കുക, സീവേജ് സംസ്കരണത്തിന് പ്രത്യേക പ്ലാന്റ് ഘടിപ്പിക്കുക, മഴവെള്ള കൊയ്ത്ത് നടത്തി ഭൂജല സംപോഷണം നടത്തുക തുടങ്ങിയ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.<br><br>ഇതിനെതിരെ പെപ്സി കമ്പനി ബഹു.ഹൈക്കോടതിയിൽ പരാതി നൽകുകയും ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം കമ്പനിയുടെ ജല ചൂഷണത്തെ കുറിച്ച് പഠനം |

നടത്താൻ ഭൂജല വകുപ്പ് ഡയറക്ടർ ചെയർമാൻ ആയ ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കാൻ സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു. ഇതു പ്രകാരം രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ആയത് ബഹു.ഹൈക്കോടതിയിൽ അഡ്വ. ജനറൽ മുഖേന സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ പഠന റിപ്പോർട്ടിനെ ശരിവയ്ക്കുന്ന റിപ്പോർട്ട് ആണ് വിദഗ്ദ്ധ സമിതിയും നൽകിയിട്ടുള്ളത്.

ഡി) ജലത്തിന്റെ രാസപരിശോധന റിപ്പോർട്ടു പ്രകാരം, ജനങ്ങൾ ഉപയോഗിക്കുന്ന വെള്ളം കാത്സ്യം, മഗ്നീഷ്യം, ക്ലോറൈഡ് എന്നിവ അമിത അളവിൽ കലർന്നതിനാൽ മലിനപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ; കമ്പനിയിൽ നിന്നും പുറന്തള്ളുന്ന ഖരമാലിന്യങ്ങളും മലിന രാസജലവും ഇതിന് കാരണമാകുന്നു എന്ന് രാസ പരിശോധന റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

ഡി) കമ്പനിക്ക് ഉള്ളിലെ ജലത്തിന്റെ രാസ പരിശോധന റിപ്പോർട്ട് അനുസരിച്ച് ജലത്തിൽ കാൽസ്യം, മഗ്നീഷ്യം, ക്ലോറൈഡ് എന്നിവയുടെ അമിതമായ സാന്നിദ്ധ്യം കാണപ്പെടുന്നുണ്ട്. കമ്പനിയിലെ ഖര മാലിന്യങ്ങളും, മലിന രാസ ജലവും ഇതിന് കാരണമായിട്ടുണ്ട്. എന്നാൽ കമ്പനിയ്ക്ക് പുറത്തുള്ള ഏറ്റവും അടുത്ത ബോർവെല്ലുകളിലെ ജലം പരിശോധിച്ചതിൽ അലിഞ്ഞ് ചേരുന്ന മാലിന്യങ്ങളുടെ അളവ് (ടി.ഡി.എസ്) കേവലം 562 ആണ്. ആയതിനാൽ കമ്പനിയിലെ മലിന ജലം കമ്പനിക്ക് പുറത്തേയ്ക്ക് വ്യാപിച്ചിട്ടില്ല എന്നാണ് കണ്ടെത്തിയിട്ടുള്ളത്.

ഇ) കമ്പനിയുടെ അമിത ജലചൂഷണവും മലിനീകരണവും തടയാൻ ജലവിഭവ വകുപ്പ് നൽകിയ ശുപാർശകൾ എന്തെല്ലാമായിരുന്നു;

ഇ) ഭൂജല വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 26.02.2011-ലെ ജി.ഒ.(എം.എസ്)നം.13/2011/ജലവിവ പ്രകാരം പെപ്സി കമ്പനിയുടെ പ്രതിദിന ജല ഉപഭോഗം 2.34 ലക്ഷം

| | | | |
|---|---|---|---|
| | ഈ ശുപാർശകൾ കമ്പനി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | ലിറ്റർ ആയി നിജപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട് കൂടാതെ കുഴൽ കിണറുകളിൽ ഘടിപ്പിച്ചിരിക്കുന്ന പമ്പുകളുടെ ഡെലിവറി പൈപ്പിൽ ജല ഉപഭോഗം തിട്ടപ്പെടുത്തുന്നതിന് ഫ്ളോ മീറ്റർ ഘടിപ്പിക്കുക, ഓരോ പമ്പിനും പ്രത്യേക എനർജി മീറ്റർ ഘടിപ്പിക്കുക, സീവേജ് സംസ്കരണത്തിന് പ്രത്യേക പ്ലാന്റ് ഘടിപ്പിക്കുക, മഴവെള്ള കൊയ്ത്ത് നടത്തി ഭൂജല സംപോഷണം നടത്തുക തുടങ്ങിയ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് നിജപ്പെടുത്തുന്നതൊഴികെയുള്ള നിർദ്ദേശങ്ങൾ കമ്പനി നടപ്പിലാക്കിവരുന്നുണ്ട്. |
| എഫ്) | പ്രസ്തുത പഞ്ചായത്ത് പ്രദേശത്തെ ശുദ്ധജലം കമ്പനി അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്നതിന് എന്തെങ്കിലും പ്രതിഫലം കമ്പനി പഞ്ചായത്തിന് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ കമ്പനി സ്ഥാപിതമായ ശേഷം എത്ര തുക നൽകിയിട്ടുണ്ട് ; വിശദമാക്കുമോ; | എഫ്) | വിവരം ശേഖരിച്ചു വരുന്നു |
| ജി) | ഇപ്പോൾ കമ്പനി പ്രതിദിനം എത്ര ലിറ്റർ വെള്ളം ഉപയോഗിക്കുന്നുണ്ട്; ഈ വെള്ളം ഉപയോഗിച്ച് പ്രതിദിനം എത്ര ടൺ ശീതള പാനീയം ഉൽപ്പാദിപ്പിക്കുന്നു; വ്യക്തമാക്കുമോ; | ജി) | |
| എച്ച്) | കമ്പനി നികുതിയിനത്തിൽ എത്ര രൂപ പ്രതിവർഷം സർക്കാരിനും പഞ്ചായത്തിനും നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | എച്ച്) | |

| | |
|---|---|
| ഐ) ഈ വിഷയത്തിൽ 12-ാം നിയമസഭയുടെ മൂന്നാം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഐ) വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**